LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : ഇതിന്റെ ഗൗരവം നമ്മൾ സഭയിൽ നല്ല വണ്ണം ചർച്ച ചെയ്തു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അഭിപ്രായം തന്നെയാണ് സഭയ്ക്കും നമുക്കെല്ലാവർക്കും ഉള്ളത്. ആ ഗൗരവത്തിന്റെ അടിസ്ഥാനത്തിൽ കമ്മീഷന്റെ പൂർണ്ണ റിപ്പോർട്ടിനായി കാത്തുനിൽക്കാതെ ഇടക്കാല റിപ്പോർട്ട് എത്രയും വേഗം വാങ്ങി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം കൊടുക്കാം.

14. 1994-ൽ പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കാൻ നടപടി

ശ്രീ. പി. സി. ജോർജ് : സർ, ഒരു ലക്ഷം തൊഴിൽ പദ്ധതി 1994-ൽ ബഹുമാനപ്പെട്ട പി. പി. ജോർജ് കൃഷിമന്ത്രി ആയിരുന്നപ്പോൾ ആരംഭിച്ചതാണ്. മറുപടി പറയേണ്ട മന്ത്രി ഇവിടെ ഇല്ല. ആരാണ് മറുപടി പറയുന്നത് ?

മി. ഡെപ്യൂട്ടി സ്പീക്കർ : റവന്യൂ വകുപ്പുമന്ത്രി പറഞ്ഞുകൊള്ളും.

ശ്രീ. പി. സി. ജോർജ് : റവന്യൂ വകുപ്പുമന്ത്രിക്ക് വല്ല കാര്യവുമുണ്ടോ കൃഷി വകുപ്പിൽ.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് പറയ്.

ശ്രീ. പി. സി. ജോർജ് : മന്ത്രിമാർ പ്രസംഗ തൊഴിലാളിയായി പോകുന്ന പരിപാടി ശരിയല്ല. ഞാൻ പറയാം,

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് വിഷയം പറയൂ, വെറുതെ കാട് കയറാതെ.

ശ്രീ. പി. സി. ജോർജ് : വിഷയം പറയാൻ ആ മന്ത്രി ഇവിടെ ഇല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : കാട് കയറാതെ.

മി. പി. സി. ജോർജ് : .....ബഹളം..... നിയമസഭ ഷെഡ്യൂൾ ചെയ്ത് കഴിഞ്ഞതിനുശേഷമല്ലേ യാത്ര നിങ്ങൾ ഷെഡ്യൂൾ ചെയ്യുന്നത്. അപ്പോൾ മന്ത്രിമാരെ അങ്ങോട്ട് അയയ്ക്കാതെ മന്ത്രിമാർ നിയമസഭയോട് ഉത്തരവാദിത്തം കാണിക്കണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ അഭിപ്രായം പറയുന്നു. എനിക്ക് സ്വാതന്ത്ര്യമില്ലേ പറയാൻ ?

മി. ഡെപ്യൂട്ടി സ്പീക്കർ : കൃഷി വകുപ്പിന്റെ കാര്യം പറയ്.

ശ്രീ. പി. സി. ജോർജ് : ഞാൻ പറയട്ടെ 1994-ൽ ആരംഭിച്ചതാണ് ഒരു ലക്ഷം തൊഴിൽ പദ്ധതി. അത് കാർഷിക മേഖല, അനുബന്ധ മേഖല, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യ വികസനം ഈ മേഖലയിൽ തൊഴിൽ നൽകുമെന്നും അറുപത് വയസ്സാകുമ്പോൾ മുപ്പതിനായിരം രൂപ മുതൽ അറുപതിനായിരം രൂപവരെ ഗ്രാറ്റുവിറ്റി, അറുപതു വയസ്സിനുശേഷം പ്രതിമാസം ആയിരം രൂപ പെൻഷൻ തുടങ്ങിയ വാഗ്ദാനങ്ങൾ നൽകി 1100 രൂപാവീതം 104213 പേരുടെ പക്കൽനിന്നും സർക്കാർ ഖജനാവിൽ മേടിച്ച് അടച്ചുവച്ചിരിക്കുകയാണ്. ഈ കാര്യത്തിൽ ഇതിലെ അംഗങ്ങൾക്ക് തൊഴിൽ നൽകുന്നതിന്, 91 തസ്തികകൾ സൃഷ്ടിച്ച് ആ 91 ഉദ്യോഗസ്ഥന്മാരിപ്പോൾ നിയമനം നേടി ജോലി ചെയ്തുകൊണ്ടിരിക്കുകാണ്. ഇപ്പോൾ ഈ പോസ്റ്റിൽ

അവർ ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നിട്ട് പതിനേഴ് വർഷമായി തൊഴിലിനുവേണ്ടി പണം അടച്ചവർക്ക് ഒരു തൊഴിലും നൽകിയിട്ടില്ല. ഈ ഗവൺമെന്റ് പറയും, 1994-ൽ യു.ഡി.എഫ്. ഗവൺമെന്റാണെന്ന്. യു.ഡി.എഫ്. ഗവൺമെന്റും എൽ.ഡി.എഫ്. ഗവൺമെന്റും എന്നുണ്ടോ ? ഒരു ഗവൺമെന്റ് എന്നുപറയുന്നത് തുടർച്ചയല്ലേ ? ഏത് ഗവൺമെന്റാണെന്ന്, ഇപ്പോൾ ധനകാര്യ മന്ത്രി പ്രഖ്യാപിച്ചിരിക്കുന്ന ബഡ്ജറ്റ് പ്രൊപ്പോസൽ, ഉമ്മൻചാണ്ടി ഗവൺമെന്റ് വരുമ്പോൾ ഉമ്മൻചാണ്ടി ഗവൺമെന്റ് അത് നടപ്പാക്കുകയില്ലേ ? അപ്പോൾ ഇടതുപക്ഷമോ വലതുപക്ഷമോ, എൽ.ഡി.എഫോ, യു.ഡി.എഫോ ഉണ്ടോ ഈ കാര്യത്തിൽ. പതിനേഴ് വർഷമായി ബഹുമാനപ്പെട്ട തോമസ് ഐസക്കിന്റെ പാർട്ടിയല്ലേ പതിനൊന്നു വർഷം ഭരിച്ചത് ; നിങ്ങൾക്ക് ഉത്തരവാദിത്വമില്ലേ ? ഒരു തൊഴിലും നൽകിയിട്ടില്ലെന്നു മാത്രമല്ല, പണം അടയ്ക്കാത്ത തൊഴിൽ പദ്ധതി,

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് അങ്ങ് കൺക്ലൂഡ് ചെയ്യ്.

ശ്രീ. പി. സി. ജോർജ് : ഇത് നീതികേടല്ലേ ? 104213 പേരുടെ 1100 രൂപ വീതം മേടിച്ചുവച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങയുടെ ഖജനാവിൽ ഇപ്പോഴും ആ തുക ഉണ്ട്. അവരുടെ കാര്യത്തിൽ ഒരു നീതി ചെയ്യണ്ടേ ? പതിനായിരത്തോളം ആളുകൾ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കുവാൻ കാരണം അദ്ദേഹത്തിന്റെ സഹോദരി രജിതയുണ്ട്, കടയ്ക്കൽ സ്വദേശിനി. അവർ ഈ കമ്മിറ്റിയിൽ പങ്കെടുത്തിട്ടുണ്ട്. കൃഷി വകുപ്പുമന്ത്രിയുടെ സഹോദരിയാണ്. ബഹുമാനപ്പെട്ട ഐസക് അങ്ങ് പറഞ്ഞിട്ട് കാര്യമില്ല. ഡോ. തോമസ് ഐസക്ക് എങ്കിലും നല്ല വാക്ക് പറയണം. ഈ പാവപ്പെട്ടവരുടെ കാശ് തിരിച്ചു കൊടുക്കാമോ ? പതിനേഴ് കൊല്ലമായില്ലേ ? പലിശ ഉൾപ്പെടെ തിരിച്ചു കൊടുക്ക്. ഏതെങ്കിലും മാർഗ്ഗം ആലോചിച്ച് ആ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കണം. ഇന്ന് പതിനായിരത്തോളം ആളുകളാണ് സെക്രട്ടറിയേറ്റിനു മുന്നിൽ സമരവുമായി എത്തിയിരിക്കുന്നത്. ഇതിനൊക്കെ ഒരു ഉത്തരവാദിത്തം കാണിക്കണം. അങ്ങ് മറുപടി പറഞ്ഞിട്ട് കാര്യമില്ല. ഈ പണം എന്ത് ചെയ്യുന്നു. ധനകാര്യ വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടത്.

കൃഷി വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. ജോർജ് ഇവിടെ ഉന്നയിച്ച വിഷയം 1994-ൽ ജോർജ്ജ് മാസ്റ്റർ കൃഷി വകുപ്പുമന്ത്രി ആയിരുന്ന കാലത്ത് നീണ്ട പതിനേഴ് വർഷത്തെ വിഷയമാണ്. ഈ സഭയിൽ എത്രയോ പ്രാവശ്യം ഈ വിഷയം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. പി. നാരായണൻ ഈ സഭയിൽ ഒമ്പതോ പത്തോ പ്രാവശ്യം ഉന്നയിച്ചത് ഞാൻ അപ്പുറത്തിരുന്ന് കേട്ടിട്ടുണ്ട്. ശ്രീ. കെ. കെ. ഷാജു ഉൾപ്പെടെ ധാരാളം എം.എൽ.എ.-മാർ ഉന്നയിച്ചിട്ടുണ്ട്. മുൻ സർക്കാരുകൾ ഇതിന് പല കമ്മിറ്റികളെ വച്ച് പരിശോധിപ്പിക്കുകയൊക്കെ ചെയ്തു. ഇപ്പോൾ നമ്മുടെ ഗവൺമെന്റ് പ്ലാനിംഗ് ബോർഡിനെക്കൊണ്ടു തന്നെ ഇത് സംബന്ധിച്ച് വിദഗ്ദ്ധമായ ഒരു പരിശോധന നടത്തി. എങ്ങനെ ഇത് തുടർന്നു കൊണ്ടുപോകാൻ കഴിയും ; ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയ ശിപാർശ, അയ്യായിരം രൂപ വരെ ധനസഹായം സ്വീകരിച്ച് സ്വമേധയാ പിരിഞ്ഞു പോകുവാൻ പരമാവധി പദ്ധതി അംഗങ്ങളെ പ്രേരിപ്പിക്കേണ്ടതാണ്. പെൻഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ മന്ത്രി സഭയുടെ അനുവാദത്തോടെ ഒഴിവാക്കേണ്ടതാണ്. പദ്ധതി അംഗങ്ങൾക്ക് എൽ.ഐ.സി.-യുമായി സഹകരിച്ച് ലൈഫ് ഇൻഷുറൻസ് കവറേജ് നൽകുന്ന കാര്യം പരിശോധിക്കേണ്ടതാണ്. സർക്കാർ അധിക സാമ്പത്തിക ബാധ്യത ഏറ്റെടുക്കാതെ പദ്ധതിയിൽ തുടരുന്നവർക്കായി പുതിയ പദ്ധതി ആരംഭിക്കുന്ന കാര്യം ആലോചിക്കേണ്ടതാണ്. പദ്ധതി അംഗങ്ങളെ ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ കീഴിലുള്ള സംരംഭങ്ങൾ ഏറ്റെടുക്കുവാൻ പ്രേരിപ്പിക്കേണ്ടതാണ്. അവശതാ പെൻഷന് അർഹരായ അംഗങ്ങൾക്ക് മാസംതോറും പെൻഷൻ നൽകുന്നതിനു പകരം ഒറ്റത്തവണ പതിനായിരം രൂപ മാത്രം നൽകുന്ന കാര്യം പരിശോധിക്കേണ്ടതാണ്. പദ്ധതി അംഗങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ വിവരം ശേഖരിച്ച് അനർഹരായവരെ പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിനായി 1994-ൽ സൃഷ്ടിച്ച 91 തസ്തികകളിലെ ജീവനക്കാരെ പുനർവിന്യസിച്ച് അവരുടെ സേവനം കേന്ദ്രാവിഷ്കൃത പദ്ധതിയുടെ നടത്തിപ്പിനായി വിനിയോഗിക്കേണ്ടതാണ്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ നബാർഡിന്റെയും ആസൂത്രണ ബോർഡിന്റെയും ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ നാല്പത്തിയഞ്ച് വയസ്സ് പൂർത്തിയാകാത്ത പദ്ധതി അംഗങ്ങൾക്ക് പ്രത്യേക പരിഗണന നല്കുകയും പദ്ധതി സമഗ്രമായി പുനഃസംഘടിപ്പിക്കുന്ന കാര്യം സർക്കാർ അടിയന്തര പ്രാധാന്യത്തോടെ ഇപ്പോൾ പരിശോധിച്ചു വരികയുമാണ്. ഇതിന് നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ നിന്ന് വിട്ടുപോകുന്നവർക്ക് അയ്യായിരം രൂപ വീതം ധനസഹായം അനുവദിച്ചു വിതരണം ചെയ്യാൻ കൃഷി ഡയറക്ടറെ അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ധനസഹായ വിതരണത്തിനുള്ള നടപടികൾ കൃഷി ഡയറക്ടറുടെ കാര്യാലയത്തിൽ പുരോഗമിച്ചുവരികയാണ്. ഇതുസംബന്ധിച്ച് കുറച്ചുകൂടി വിശദാംശങ്ങളുണ്ട്. അത് ഞാൻ സഭയുടെ മേശപ്പുറത്തുവയ്ക്കാം. ഇതിന്റെ കോപ്പി ശ്രീ. പി. സി. ജോർജിന് ഇപ്പോൾത്തന്നെ തരാം. കുറച്ചു വിശദമായിട്ടുണ്ട്. കൃഷിമന്ത്രി ഇവിടെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് മറുപടി പറയുന്നത്. അതുകൊണ്ട് ശ്രീ. പി. സി. ജോർജ് പരിഭവിക്കേണ്ട. ഇതിനുള്ള വ്യക്തമായ മറുപടിയാണ് ഞാൻ പറഞ്ഞത്.

15. ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, കൊരട്ടി ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കൊരട്ടി ഗവൺമെന്റ് പോളിടെക്നിക് എൻ.എച്ച് 47-നു സമീപം ആറ് ഏക്കർ സ്ഥലത്ത് വെസ്റ്റേൺ ടെക്നോളജി, പോളിമർ ടെക്നോളജി, ഇലക്ട്രോണിക് ആന്റ് ഇൻസ്ട്രുമെന്റേഷൻ എന്നീ മൂന്നു ബ്രാഞ്ചുകളിലായി നാനൂറ്റി അമ്പതോളം

LIBRARY ARCHIVES Kerala Legislative Assembly